Page 1 of 2

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) മോട്ടോർ വാഹന വകുപ്പ്, നികുതി വകുപ്പ്, എക്സൈസ് വകുപ്പ്, ലോട്ടറി വകുപ്പ് തുടങ്ങിയ വകുപ്പുകളിൽ ഇ-റെമിറ്റൻസ്‌വഴി സർക്കാരിലേയ്ക്കുള്ള പണം ഓൺലൈനായി സ്വീകരിക്കുന്ന രീതി നിലവിലുണ്ട്. വെള്ളക്കരം, വൈദ്യുതി ബിൽ എന്നിവയും ഓൺലൈനായി അടയ്ക്കാവുന്നതാണ്. വിവിധ വകുപ്പുകളുടെ മരാമത്തുപണികളുമായി ബന്ധപ്പെട്ടുള്ള ടെണ്ടർ നടപടികൾ ഇപ്പോൾ ഇ-ടെണ്ടർവഴി ഓൺലൈനായാണ് നിർവ്വഹിക്കപ്പെടുന്നത്. കൂടാതെ രണ്ട് ലക്ഷംരൂപയിൽ കൂടുതലുള്ള കരാറുകാരുടെ തുക ആർ.ടി.ജി. എസ്. വഴി നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. സംസ്ഥാന ജീവനക്കാരുടെ ശമ്പളം ബാങ്ക് അക്കൗണ്ട് വഴി സ്വീകരിക്കുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും മറ്റ് പല സർക്കാർ വകുപ്പുകളിലും ധനപരമായ ഇടപാടുകളിൽ ഇപ്പോഴും ക്യാഷ്, ഡി.ഡി. സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ട്.

(ബി) നിലവിൽ ട്രഷറി സേവിംഗ്സ് ബാങ്കിൽ മെയിൽ ട്രാൻസ്ഫർ സൗകര്യം ലഭ്യമാണ്. സേവിംഗ്സ് ബാങ്ക് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ട്രഷറികളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതോടുകൂടി ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകാർക്ക് കേരളത്തിലെ ഏത് ട്രഷറിയിൽനിന്നും ഇടപാട് നടത്തുവാൻ സാധിക്കും. നെറ്റ് ബാങ്കിംഗ് സൗകര്യം ഉപയോഗിച്ചുകൊണ്ട് സംസ്ഥാന ഖജനാവിലേക്ക് ലോകത്തെവിടെനിന്നും ഏതുസമയത്തും പണം ഒടുക്കുവാൻ കഴിയുന്ന ഇ-ട്രഷറി പദ്ധതിയും താമസിയാതെ നിലവിൽ വരുന്നതാണ്. എല്ലാ വകുപ്പുകളിലെയും സാമ്പത്തിക ഇടപാടുകൾ സംയോജിപ്പിച്ച് സമ്പൂർണ്ണവും ബൃഹത്തായതുമായ ഏകോപനത്തിലൂടെ എല്ലാ വകുപ്പുകളുടേയും ധനപരമായ ഇടപാടുകൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള ഐ.ടി.എം.എസ്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## ഭവനരഹിതർക്കുള്ള "ഗൃഹശ്രീ" ഭവന പദ്ധതി

21 (*621) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ്:
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഭവനരഹിതരെ സഹായിക്കാൻ കൊണ്ടുവന്ന "ഗൃഹശ്രീ" ഭവന പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടം വരെയായി; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ നടപ്പുസാമ്പത്തിക വർഷം ഭവനരഹിതരായ എത്ര പേരെ സഹായിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ;

(സി) ഈ ഇനത്തിൽ നടപ്പുസാമ്പത്തിക വർഷം നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) നടപ്പുസാമ്പത്തികവർഷത്തിൽ ഗൃഹശ്രീ ഭവനപദ്ധതിക്കായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 14.19 കോടിരൂപ ഉപയോഗപ്പെടുത്തി ഭവനരഹിതരായ 709 പേർക്ക് ആനുകൂല്യം അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്.

## ആധാർ കാർഡിനായി ശേഖരിച്ച വിവരങ്ങൾ

22 (*622) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധാർ കാർഡിനായി സംസ്ഥാനത്തെ മൂന്നുകോടി വ്യക്തികളിൽ നിന്ന് ശേഖരിച്ച ബയോമെട്രിക് വിവരങ്ങൾ സ്വകാര്യ ഏജൻസിക്ക് നിയമവിരുദ്ധമായി കൈമാറിയത് സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായിട്ടുണ്ടോ ;

(ബി) ആധാർ കാർഡിനായി വിവരങ്ങൾ യു.ഐ.ഡി. അതോറിറ്റിക്ക് കൈമാറാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; വിവരങ്ങൾ സ്വന്തമായി സൂക്ഷിക്കാൻ സംസ്ഥാനം പ്രത്യേക അനുമതി വാങ്ങിയ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ സംവിധാനത്തിൽ സൂക്ഷിക്കേണ്ടിയിരുന്ന സെർവറും സോഫ്റ്റ്‌വെയറും എങ്ങനെ സ്വകാര്യസ്ഥാപനത്തിലെത്തിയെന്ന് വ്യക്തമാക്കുമോ ; ഇക്കാര്യത്തിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ടോയെന്നും എങ്കിൽ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ; വീഴ്ച വരുത്തിയവർക്കെതിരെ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവ പൂർണ്ണമായും സർക്കാർ സംവിധാനത്തിലേക്ക് മാറ്റി സൂക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ആധാർ കാർഡിനായി സംസ്ഥാനത്തെ മൂന്ന് കോടി വ്യക്തികളിൽ നിന്ന് ശേഖരിച്ച ബയോമെട്രിക് വിവരങ്ങൾ സ്വകാര്യ ഏജൻസിക്ക് നിയമവിരുദ്ധമായ കൈമാറിയിട്ടില്ല. ഇതുസംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ കേരള സംസ്ഥാന ഐ.ടി. മിഷനിൽനിന്നും കെൽട്രോണിൽനിന്നും വിശദീകരണം വാങ്ങിയിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്